# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3368 — 10.12.2018-ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളിലെ ഓപ്പറേഷൻ മൺസൂൺ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി.മമ്മൂട്ടി<br>,, ടി. വി. ഇബ്രാഹിം<br>,, ടി.എ.അഹമ്മദ് കബീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഓപ്പറേഷൻ മൺസൂൺ എന്ന പേരിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; | (എ) ഉണ്ട് |
| (ബി) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച 42 റിപ്പോർട്ടുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) പരിശോധനയിൽ സേവനാവകാശ നിയമം ലംഘിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) ഉണ്ട് |

(ഡി) വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനം പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുമെന്നത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(ഡി) സേവനാവകാശ നിയമ പ്രകാരം പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും, വില്ലേജ് ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും 23287/D3/2016/റവന്യൂ നമ്പരായി 2016 ആഗസ്റ്റ് 17 ന് സർക്കാർ തലത്തിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.. ആയത് എല്ലാ വില്ലേജുകളിലും നടപ്പിൽ വരുത്തുന്നത് ഉറപ്പാക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതോടൊപ്പം കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ ടീം, കമ്മീഷണറേറ്റിലെ ഇൻസ്പെക്ഷൻ ടീം, എന്നിവർക്കൊപ്പം സർക്കാർ തലത്തിലും മിന്നൽ പരിശോധനകൾ നടത്തി ആയത് ഉറപ്പു വരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ